**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി VIII

# സാമ്പത്തിക കാര്യങ്ങൾ

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേലുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

2011 നവംബർ 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII

# സാമ്പത്തിക കാര്യങ്ങൾ

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേലുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236–ാം ചട്ടത്തിന്റെ
(5)–ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

1172/2011.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## സാമ്പത്തിക കാര്യങ്ങൾ

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

ശ്രീ. ടി. എം. ജേക്കബ്,
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, വി. ചെന്താമരാക്ഷൻ

,, കോവൂർ കുഞ്ഞുമോൻ

,, മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# അവതാരിക

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 4832/Legn.2/2009/Leg. dated 8-4-2010 നമ്പർ ഉത്തരവുപ്രകാരം സബ്ജക്ട് കമ്മിറ്റി V-ൽനിന്നും 'ധനാഭ്യർത്ഥന VII-മുദ്രപത്രങ്ങളും രജിസ്ട്രേഷനും' എന്ന വിഷയം സബ്ജക്ട് കമ്മിറ്റി VIII-ലേക്ക് കൈമാറ്റം ചെയ്തതിനാൽ സബ്ജക്ട് കമ്മിറ്റി V-ന്റെ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പ്രസ്തുത വിഷയം സംബന്ധിച്ച ശുപാർശകളിന്മേലും സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ 24-10-2011-ൽ ചേർന്ന യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സമിതിയുടെ തീരുമാനം ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഭാഗം-1-ൽ റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും, ഭാഗം 2-ൽ സർക്കാരിൽനിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2011 ഒക്ടോബർ 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 ഒക്ടോബർ 24.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

# റിപ്പോർട്ട്

ഭാഗം 1

## ധനാഭ്യർത്ഥന VIII—എക്സൈസ്

ശുപാർശ (ഖണ്ഡിക 5)

2039-102—കറുപ്പും മറ്റും വിലയ്ക്കുവാങ്ങൽ

കറുപ്പ് ഉപയോഗിക്കുന്നതിന് നിയമപരമായി അനുവാദം ലഭിച്ചിട്ടുള്ളവർക്ക് വിതരണം ചെയ്യുന്നതിലേക്കായി കറുപ്പ് വാങ്ങി ട്രഷറികൾവഴി വിതരണം ചെയ്യുന്നതിനാണ് ഈ തുക ചെലവഴിക്കുന്നത്. കുറച്ചുകാലങ്ങളായി ടി തുക വിനിയോഗിക്കാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ തുകയൊന്നും വകയിരുത്തേണ്ടതില്ല എന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തു ന്നതിനുള്ള പ്രൊപ്പോസൽസ് ഈ വകുപ്പിൽ നിന്നും നൽകിയിട്ടില്ല.

ശുപാർശ (ഖണ്ഡിക 6)

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി അഞ്ച് റേഞ്ച് ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതായും ഈ ആവശ്യത്തിലേക്ക് 3 കോടി രൂപ അധികമായി വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി പത്ത് റേഞ്ച് ഓഫീസുകളുടെ [വെള്ളറട (തിരുവനന്തപുരം), തെന്മല (കൊല്ലം), രാജാക്കാട് (ഇടുക്കി), പീച്ചി (തൃശ്ശൂർ), കാവിലും പാറ (കോഴിക്കോട്), ചെറുപുഴ (കണ്ണൂർ) പോരൂർ (മലപ്പുറം), കാട്ടിക്കുളം (വയനാട്) വെള്ളരിക്കുണ്ട് (കാസർഗോഡ്)] രൂപീകരണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 7)

ഏറ്റവും കൂടുതൽ മദ്യ ഉപഭോഗമുള്ള സംസ്ഥാനമായ കേരളത്തിലെ യുവതലമുറയെ മദ്യപാന വിപത്തിൽനിന്നും രക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി മുൻവർഷങ്ങളിൽ സമിതി നൽകിയ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുകയും കൂടുതൽ ശക്തവും വിപുലവുമായ രീതിയിൽ മദ്യാസക്തിക്കെതിരെയുള്ള പ്രചാരണ പരിപാടികൾ മുന്നോട്ടുകൊണ്ടുപോകേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

മദ്യാസക്തിക്കെതിരായ പ്രചരണത്തിനായി 2010-2011 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരയിനത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ മദ്യാസക്തിക്കെതിരായ പ്രചരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കുന്നതിനായി ഈ ഇനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന (എക്സൈസ്) പരിശോധിച്ച സബ്ജക്ട് കമ്മിറ്റി 2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചാരണത്തിനായി 2010-2011 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്നും ശുപാർശ ചെയ്തിരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരയിനത്തിൽ അനുവദിച്ച 20 ലക്ഷം രൂപ വിവിധ ഡിവിഷൻ ആഫീസുകളിലേക്കും സോണൽ ആഫീസുകളിലേക്കും വിതരണം ചെയ്യുകയുണ്ടായി. ഡിവിഷൻ ആഫീസുകളിൽ നിന്നോ സോണൽ ആഫീസുകളിൽ നിന്നോ കൂടുതൽ തുക ആവശ്യപ്പെടാത്തതിനാൽ ടി ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തുകയായിരുന്നു.

<u>ശുപാർശ</u> (ഖണ്ഡിക 8)

രഹസ്യസേവന ചെലവുകൾക്ക് ബജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള 3 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ രഹസ്യചെലവുകൾക്കായി അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽസ് സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും അതിൻപ്രകാരം 1 ലക്ഷം രൂപ 24-2-2011 തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 1356/11 ധന പുനർവിനിയോഗ ഉത്തരവിലൂടെ അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u> (ഖണ്ഡിക 9)

തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ പ്രവർത്തനം 2010-2011 വർഷത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ആയതിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ‘94’ എന്ന ഉപശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി പ്രൊപ്പോസൽ ലഭ്യമാക്കാൻ എക്സൈസ് അക്കാദമി പ്രിൻസിപ്പളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ധനാഭ്യർത്ഥന X—ട്രഷറികളും അക്കൗണ്ടുകളും

2054-00-095—അക്കൗണ്ടുകളുടെയും ട്രഷറികളുടെയും ഡയറക്ടറാഫീസ്

ശുപാർശ (ഖണ്ഡിക 11)

ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സംവിധാനം കൂട്ടിയോജിപ്പിക്കുന്നതിനായുള്ള കോർഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS), എ.ടി.എം. സംവിധാനം എന്നിവ ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന് (ITMP), ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതിക്കായി വകുപ്പ് ആവശ്യപ്പെട്ട 41.56 കോടി രൂപ പദ്ധതി ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ട്രഷറി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായുള്ള കോർബാങ്കിംഗ് സൊലൂഷൻ, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി എന്നിവയുടെ ആർ.എഫ്.പി.സ.ഉ. (സാധാ.) നം.6644/2011/ധന. തീയതി 27-8-2011 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്.

ശുപാർശ (ഖണ്ഡിക 12)

കൂടാതെ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 60 കോടി രൂപ പദ്ധതി ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 2010-2011 സാമ്പത്തിക വർഷം 60 കോടി രൂപ 4059-01-051-90-16 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

ശുപാർശ (ഖണ്ഡിക 13)

കമ്പ്യൂട്ടർ/ഹാർഡ്‌വെയർ പരിഷ്കരണം പദ്ധതി പ്രകാരം ഹൈ-എൻഡ് ഫേക്ക് നോട്ട് ഡിറ്റക്ടർ, പ്രിന്ററുകൾ, യുപി.എസ്., കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറി വകുപ്പിലെ കമ്പ്യൂട്ടർ/ഹാർഡ്‌വെയർ പരിഷ്കരണ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 14)

കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഐ.റ്റി. ഉപകരണങ്ങളും കൃത്യമായി പരിപാലിക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ഒന്നായതിനാൽ ഇതിനായി രൂപം കൊണ്ടിട്ടുള്ള ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന് 1.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u> (ഖണ്ഡിക 13, 14)

ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം, ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം അപ്ഗ്രഡേഷൻ മുതലായവയ്ക്കായി 2010-2011 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ 2054-095-99-19 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ.ഉ. (സാധാ.) നമ്പർ 8081/2010/ധന. തീയതി 8-11-2010 പ്രകാരം 8,18,95,000 രൂപ 2054-095-99-19 എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്.

## ധനാഭ്യർത്ഥന XI—ജില്ലാ ഭരണവും പലവകയും

<u>ശുപാർശ</u> (ഖണ്ഡിക 15)

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2010-2011 സാമ്പത്തിക വർഷം അലവൻസ്, ബോണസ് എന്നിവ നൽകുന്നതിന് ഏകദേശം 120 കോടി രൂപ വേണ്ടി വരും. ഇതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്ക് അലവൻസ്, ബോണസ് എന്നിവ നൽകുന്നതിനായി 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 70 കോടി രൂപയ്ക്കുപുറമേ 18-8-2010-ലെ സ.ഉ.(സാധാ.) നമ്പർ 6337/10/ധന. പ്രകാരം 10.49 കോടി രൂപയും 14-12-2010-ലെ സ. ഉ. (സാധാ.) നമ്പർ 8983/2010/ധന. പ്രകാരം 25.20 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. ഈ 35.69 കോടി രൂപ 2011 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥന പ്രകാരം ക്രമീകരിക്കുകയും ഇതേ ആവശ്യത്തിനായി 27.55 കോടി രൂപ കൂടി അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (പേജ് 15, ഉപധനാഭ്യർത്ഥന, ഫെബ്രുവരി 2011) ഇപ്രകാരം ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമേ ആകെ 63.24 കോടി രൂപ അധികമായി 2010-2011 സാമ്പത്തിക വർഷം '2047-00-103-93—Incentives to Agents and individuals and Institutions' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന XVI—പെൻഷനും പലവകയും

<u>ശുപാർശ</u> (ഖണ്ഡിക 16)

2075-00-800-54—<u>സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക.</u>

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ തുക കെട്ടിവയ്ക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. വിധികടം യഥാസമയം കൊടുക്കാൻ കഴിയാത്തതിനാൽ പലിശയിനത്തിൽ സർക്കാരിന്

ഭാരിച്ച സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള തുക നൽകുന്നതിനായി 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ തുക കെട്ടി വയ്ക്കുന്നതിന് 2075-800-54 എന്ന ശീർഷകത്തിൽ 9 കോടി രൂപയാണ് 2010-2011 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് 2 കോടി രൂപ കൂടി ധനകാര്യ വകുപ്പ് അധികമായി അനുവദിച്ചു നൽകി. പ്രസ്തുത തുക മുഴുവൻ വിവിധ എൽ.എ.ആർ. കേസുകൾക്കായി കളക്ടർമാർക്ക് അനുവദിച്ചുനൽകിയെങ്കിലും 6 എൽ.എ.ആർ. കേസുകളിൽ അർത്ഥനാധികാരിയിൽനിന്നും ഫണ്ട് ലഭ്യമായതിനാൽ 72,94,808 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

### ശുപാർശ (ഖണ്ഡിക 17)

### 2075-00-800-98—രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

പൈലറ്റ് പരിശീലനം നൽകുന്ന കേരളത്തിന്റെ ഏക സർക്കാർ സ്ഥാപനമായ രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം വളരെ നല്ല രീതിയിൽ പുരോഗമിച്ചുവരുന്നതായി സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ എയർപോർട്ടിനകത്ത് വള്ളക്കടവ് ഭാഗത്ത് സർക്കാർ അനുവദിച്ച ഭൂമിയിൽ അക്കാദമിയുടെ കെട്ടിടവും ഹാഗറും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ 3.30 കോടി രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കേരള സർക്കാരിന്റെ കീഴിലുള്ള വൈമാനിക പരിശീലന സ്ഥാപനമായ ആർ.ജി. എ.എ.റ്റി.ക്ക് തിരുവനന്തപുരം വിമാനത്താവളത്തിനകത്ത് സർക്കാർ അനുവദിച്ച 2.71 ഏക്കർ സ്ഥലത്ത് പുതിയ കെട്ടിടവും ഹാഗറും നിർമ്മിക്കുന്നതിന് 2008-09-ൽ 1 കോടി രൂപ അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം ഇതിനായി ആവശ്യപ്പെട്ട അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

### ശുപാർശ (ഖണ്ഡിക 18)

അക്കാദമിയുടെ പ്രവർത്തനം പുരോഗമിക്കുന്നതിന്റെ ഭാഗമായി പുതിയ വിമാനങ്ങളും സിമുലേറ്ററുകളും വാങ്ങേണ്ടതുണ്ട്. ഈ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭീമമായ തുക ആവശ്യമായി വരുമെന്നതിനാൽ ഇതിലേക്കായി അക്കാദമി സ്വന്തം നിലയിൽ സർക്കാർ ഗ്യാരന്റിയോടുകൂടി വായ്പയെടുക്കണമെന്നും അക്കാദമിക്ക് ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽനിന്നും ഇതിന്റെ പലിശ അടയ്ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ വിമാനങ്ങളും സിമുലേറ്ററും വാങ്ങുന്നതിന് സബ്ജക്ട് കമ്മിറ്റി നിർദ്ദേശപ്രകാരം സർക്കാർ ഗ്യാരന്റി യിൽ തുകയെടുത്താൽ അതിനുള്ള പലിശ അടയ്ക്കാൻ അക്കാഡമിക്ക് കഴിയുകയില്ല എന്നതിനാൽ സർക്കാർ, തുക അനുവദിക്കണമെന്ന് അക്കാഡമി ആവശ്യപ്പെടുക യുണ്ടായി. തുക വകയിരുത്തുന്നതിനും സാമ്പത്തിക പരിമിതിമൂലം സർക്കാരിന് കഴിഞ്ഞില്ല.

## ധനാഭ്യർത്ഥന XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ശുപാർശ (ഖണ്ഡിക 19)

3454-02-112-96-34—സർവ്വേയും പഠനവും മറ്റു ചെലവുകൾ

സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളുടെ രൂപീകരണ ത്തിനും പദ്ധതി നടത്തിപ്പിനും ആവശ്യമായ സ്ഥിതി വിവരകണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം എന്നീ ജോലികൾ നിർവ്വഹിക്കുന്ന നോഡൽ ഏജൻസി യായ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന് കേരളത്തിൽ നിന്നും കുടിയേറി പാർത്തവരും, തിരിച്ചുവന്നവരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തിന് അവർ നൽകിയ സംഭാവനകൾ എന്നിവയെക്കുറിച്ച് പഠിക്കുന്നതിനും സർവ്വെ നടത്തു ന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ അപര്യാപ്തമായ തിനാൽ 10 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിലേക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിൽ നിന്നും കുടിയേറിപ്പാർത്തവരും, തിരിച്ചുവന്നവരും അഭിമുഖീകരി ക്കുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തിന് അവർ നൽകിയ സംഭാവനകൾ എന്നിവയെ കുറിച്ച് 20 ലക്ഷം രൂപ ചെലവിൽ 2010-11-ൽ ഒരു അഡ്ഹോക്ക് സർവ്വെ നടത്തുന്ന തിന് ഭരണാനുമതി നൽകി 19-10-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർവ്വെയ്ക്ക് 2010-2011 സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപ 2011 മാർച്ച് 31-നകം ചെലവഴിച്ച് വിവരശേഖരണം നടത്തുകയുണ്ടായി. സർവ്വെയുടെ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് 2011-2012 സാമ്പത്തിക വർഷം 6 ലക്ഷം രൂപ കൂടി ആവശ്യമാണ് എന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 11-8-2011-ലെ സ.ഉ. (സാ) 250/11/Plg. പ്രകാരം 6 ലക്ഷം രൂപ കൂടി പ്രസ്തുത സർവ്വെയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

GOVERNMENT OF KERALA

**Abstract**

PLANNING & ECONOMIC AFFAIRS DEPARTMENT—SURVEY ON MIGRANTS AND RETURNEES OF KERALA 2010-11 BY THE DEPARTMENT OF ECONOMICS AND STATISTICS—ADMINISTRATIVE SANCTION ACCORDED FOR UTILIZING AN AMOUNT OF RS.6 LAKHS—ORDERS ISSUED.

PLANNING & ECONOMIC AFFAIRS (B) DEPARTMENT

G.O. (Rt.) No. 250/11/Plg. Dated, Thiruvananthapuram, 11-8-2011.

Read :—1. G.O. (Rt.) No.378/10/Plg dated 19-10-2010.

2. Letter No.SD.27215/09/DES dated 22-1-2011 & 17-6-2011.

ORDER

As per Government Order read as 1st paper above, Administrative Sanction was accorded for conducting the Adhoc Survey on Migrants and Returnees of Kerala (2010-11) at a total cost of Rs.20 lakh. The Director, Department of Economics & Statistics has reported that the amount of Rs.10 lakhs allotted in the last financial year had been fully utilized before 31st March 2011 and has requested to provide and amount of Rs.6 lakh during the current financial year for the finalization of the Survey.

Government have examined the case in detail and are pleased to accord sanction for utilizing an amount of Rs. 6 lakhs (Rupees six lakhs only) out of the Rs.15 lakhs provided under the Head of Account 3454-02-112-96-survey and studies-34 other charges (P) in the current year budget for meeting the expenditure towards completion of the survey on Migrants and Returnees of Kerala, subject to the condition that the amount required for meeting the other expenditure as per the "plan write up" should be limited to the balance amount available.

By Order of the Governor,

REGI VARGHESE, P.

*Additional Secretary to Government.*

To

1. The Director, Department of Economics and Statistics, Thiruvananthapuram.
2. The Principal Accountant General (Audit), Kerala, Thiruvananthapuram.
3. The Accountant General (A&E) Kerala, Thiruvananthapuram.
4. The District Treasury Officer, Thiruvananthapuram.
5. Finance Department (Vide U.O.No.43406/EXPB2/11/Fin. dated, 21-6-2011)

*Forwarded/By Order*

*Section Officer.*

**സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)**

ധനാഭ്യർത്ഥന VII—മുദ്രപത്രങ്ങളും രജിസ്ട്രേഷനും

ശുപാർശ (ഖണ്ഡിക 1)

2030-03-001-94-05-OE-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ (N.P.)
കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ

രജിസ്ട്രേഷൻ വകുപ്പിലെ 310 സബ് രജിസ്ട്രാർ ഓഫീസുകളും, 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളും, 4 സോണൽ ഓഫീസുകളും ഉൾപ്പെടെ 327 ഓഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിലേക്കായി 40,00,000 രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതു തീരെ അപര്യാപ്ത മായതിനാൽ ഈ കണക്കിനത്തിൽ 40,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇക്കാര്യത്തിലേക്കായി 60,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

ശുപാർശ (ഖണ്ഡിക 2)

2030-03-001-99-21—മോട്ടോർ വെഹിക്കിൾസ്-1-വാഹനം വാങ്ങൽ

രജിസ്ട്രേഷൻ വകുപ്പിൽ കണ്ടംചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തി യിരിക്കുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ ജീപ്പ് കണ്ടം

ചെയ്തുപോയതിനാൽ പുതിയ വാഹനം ആവശ്യമാണ്. കൂടാതെ ഇടുക്കി ജില്ലാ രജിസ്ട്രാറുടെ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവയ്ക്ക് അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് 2 പുതിയ വാഹനം വാങ്ങുന്നതിലേക്കായി ഉചിതമാർഗ്ഗേണ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസിലെ ജീപ്പ് കണ്ടം ചെയ്തതിനു പകരമായി പുതിയ വാഹനം വാങ്ങുന്നതിനായി, കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം തന്നെ അഡീഷണൽ ആതറൈസേഷൻ മുഖേന ഫണ്ട് വകയിരുത്തി പുതിയ വാഹനം വാങ്ങുകയുണ്ടായി. ഇടുക്കി ജില്ലാ രജിസ്ട്രാർ ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായി നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 20-8-2010-ലെ സ.ഉ (സാ) നമ്പർ 709/10/നിവ പ്രകാരം ഒരു മഹീന്ദ്ര ബൊലിറോ വാഹനം വാങ്ങാൻ ആവശ്യമായ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 3)

2030-03-001-96-06-RRT—വാടക, കരം, നികുതി

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുവാനുള്ള ഉത്തരവിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈയിനത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5,50,000 രൂപ അപര്യാപ്തമായതിനാൽ ടി സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഈ കണക്കിനത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസിന്റെ വാടകക്കുടിശ്ശിക അനുവദിക്കുന്ന വിഷയത്തിൽ ചില വിശദാംശങ്ങൾ രജിസ്ട്രേഷൻ ഐ.ജി.യിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ഇക്കാര്യത്തിലാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ (ഖണ്ഡിക 4)

2030-03-001-96-45-POL—(പി.ഒ.എൽ.)

ജില്ലാ രജിസ്ട്രാർക്ക് അവരവരുടെ അധീനതയിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ നിരന്തര സന്ദർശനം ആവശ്യമായതിനാൽ, ഈയിനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 3,20,000 രൂപ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. POL ഇനത്തിൽ കൂടുതൽ തുക ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ഫണ്ട് തീരുന്ന മുറയ്ക്ക് കൂടുതൽ ഫണ്ടിനായുള്ള നിർദ്ദേശം സമർപ്പിക്കുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതുശുപാർശ (ഖണ്ഡിക 5)

രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവത്ക്കരണത്തിനും 20 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക രജിസ്ട്രേഷൻ വകുപ്പിന്റെ ശീർഷകങ്ങളിൽ വകയിരുത്തിയതായി കാണുന്നില്ല. സംസ്ഥാന ഖജനാവിലേക്ക് ഗണ്യമായ തുക സംഭാവന ചെയ്യുന്ന വകുപ്പ് എന്ന നിലയിൽ രജിസ്ട്രേഷൻ ഓഫീസുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലപ്പുറം ജില്ല യിലെ പരപ്പനങ്ങാടി, പാലക്കാട് ജില്ലയിലെ തൃത്താല എന്നീ രജിസ്ട്രേഷൻ ഓഫീസു കളുൾപ്പെടെ നൂറ് വർഷത്തോളം പഴക്കമുള്ള രജിസ്ട്രേഷൻ ഓഫീസുകൾ അടിയന്തിരമായി പുതുക്കിപ്പണിയേണ്ടത് അത്യന്താപേക്ഷിതമാകയാൽ മേൽ സൂചിപ്പിച്ച 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇക്കാര്യത്തിനായി ഉപധനാഭ്യർത്ഥന മുഖേന ഇതിനകം 4 കോടി രൂപ 2030-03-001-90 (പ്ലാൻ) എന്ന പുതിയ ശീർഷകം ആരംഭിച്ച് അതിൽ വകയിരുത്തി യിട്ടുണ്ട്.

ഭാഗം 2

**ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകൾ**

ധനാഭ്യർത്ഥന V—കാർഷികാദായ നികുതിയും വില്പന നികുതിയും

2040-00-101-97-34—മറ്റു ചെലവുകൾ

വകുപ്പ് പുനഃസംഘടന, വാളയാർ മിഷൻ, അഴിമതിരഹിത അമരവിള ചെക്ക് പോസ്റ്റ് നവീകരണം, കുടുംബശ്രീ വിഹിതം, പരസ്യച്ചെലവുകൾ എന്നീ അധിക ചെലവുകൾ മുന്നിൽകണ്ട് 10 കോടി രൂപ അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെട്ടു എങ്കിലും 2010-2011 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ 3 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ വകുപ്പ് പുനഃസംഘടനയ്ക്കും ചെക്ക് പോസ്റ്റ് നവീകരണ പ്രവർത്തനങ്ങൾക്കും ആധുനികവത്ക്കരണത്തിനും 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2040-00-101-97-06—വാടക, കരം, നികുതി

2009-2010 വർഷത്തിൽ ഈ ശീർഷകത്തിൽ 1 കോടി 18 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും വളരെയധികം വാടക കുടിശ്ശിക കേസുകൾ സർക്കാരിൽ നിന്നും തീർപ്പായിവന്നതിനാൽ 40 ലക്ഷത്തിലധികം രൂപ അധികമായി കണ്ടെത്തേണ്ടി വന്ന സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ച 1.30 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2040-00-101-97-05-2—വൈദ്യുത ചെലവ്

വർദ്ധിച്ച വൈദ്യുത ഉപഭോഗത്തിന്റെ ഫലമായി 2010-2011 സാമ്പത്തിക വർഷത്തേക്ക് 1,15,00,000 രൂപ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 98,50,000 രൂപ മാത്രമേ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ടി ആവശ്യത്തിലേക്കായി 16,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

2040-00-800-99—സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് സഹായധനം

2010-2011 സാമ്പത്തിക വർഷം നിർവ്വഹിക്കേണ്ട ഗവേഷണ, പരിശീലന പ്രചരണ പരിപാടികൾക്കും പ്രസിദ്ധീകരണം മുതലായവയ്ക്കും സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന് പദ്ധതിയിതരയിനത്തിൽ അനുവദിച്ചിട്ടുള്ള 60.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 49.5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)